## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 162** **13.06.2019 - ൽ മറുപടിക്ക്.**

## റേഷൻ വാങ്ങാൻ പോർട്ടബിലിറ്റി സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, പി. ഉണ്ണി**<br>**,, സജി ചെറിയാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻകാർഡിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ഒരിടത്തും റേഷൻ കാർഡ് ഇല്ലാത്തവർ അവർക്ക് സ്വന്തമായി കാർഡില്ലെന്നോ, ആയവർ ഏതെങ്കിലും കാർഡുകളിൽ ഉൾപ്പെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന ജനപ്രതിനിധികളുടെ ശുപാർശ കത്തിനുപകരം അപേക്ഷകന്റെയും ഉൾപ്പെടുത്തേണ്ട കുടുംബാംഗങ്ങളുടെയും ആധാർ അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ മതിയാകും.<br>അപേക്ഷകന്റെ വിലാസം സ്ഥിരീകരിക്കുന്നതിന് സമർപ്പിക്കേണ്ട രേഖകളിൽ താഴെപ്പറയുന്ന ഏതെങ്കിലും ഒന്ന് ഹാജരാക്കാവുന്നതാണ്.<br>a) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അടച്ച പ്രോപ്പർട്ടി ടാക്സ് രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>b) ഇലക്ട്രിസിറ്റി ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>C) കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള രസീതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>d) ലാന്റ് ഫോൺ ബില്ലിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>e) എൽ.പി.ജി. ലഭ്യമായ വൗച്ചർ, ബില്ലിന്റെ പകർപ്പ്<br>f) ഗസറ്റഡ് ഓഫീസർ ആണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന<br>g) നോൺ ഗസറ്റഡ് ഓഫീസർ ആണെങ്കിൽ ബന്ധപ്പെട്ട ഓഫീസിലെ ഡി.ഡി.ഒ യുടെ സാക്ഷ്യപത്രം.<br>h) പൊതുമേഖലാ സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണെങ്കിൽ ബന്ധപ്പെട്ട ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം<br>i) അംഗീകൃത ദേശസാൽകൃത ബാങ്കിന്റെ ഫോട്ടോ പതിപ്പിച്ച പാസ്സ്ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്<br>j) ആധാർ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് |

k) ഇലക്ടൽ ഐ.ഡി യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്

l) സാധുവായ വാടക കരാർ

മേൽ പ്രസ്താവിച്ച രേഖകൾ പ്രകാരമുള്ള വിലാസവും അപേക്ഷയിൽ പറയുന്ന വിലാസവും ഒന്നായിരിക്കേണ്ടതും ആയത് അപേക്ഷകന്റെയോ കാർഡിൽ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്ന മറ്റ് മുതിർന്ന അംഗങ്ങളുടെ പേരിലോ ഉള്ളതായിരിക്കേണ്ടതുമാണ്. കൂടാതെ പ്രസ്തുത രേഖകൾ അപേക്ഷ സമർപ്പിക്കുന്ന തീയതി തൊട്ട് 3 മാസത്തിന് മുൻപ് വരെ ഉള്ളവ മാത്രമേ പരിഗണിക്കുകയുള്ളൂ.

അപേക്ഷകർക്ക് അവരുടെ വീടിന് സമീപത്തെ അക്ഷയകേന്ദ്രങ്ങൾ വഴി എളുപ്പത്തിൽ റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ സമർപ്പിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സിറ്റിസൺ ലോഗിൻ വഴി 24 മണിക്കൂറും ഓൺലൈനായി റേഷൻ കാർഡ് സംബന്ധിച്ച അപേക്ഷകൾ പൊതുജനങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്.

| | |
|---|---|
| (ബി) അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) 2018 ആഗസ്റ്റ് 4 മുതൽ ഓൺലൈനായി റേഷൻ കാർഡിന് അപേക്ഷിക്കാവുന്ന സംവിധാനം സംസ്ഥാനത്തുടനീളം നിലവിൽ വന്നു. അപേക്ഷകന് നേരിട്ടും (സിറ്റിസൺ ലോഗിൻ) അക്ഷയ സെന്ററുകൾ മുഖേനയും ഓൺലൈൻ അപേക്ഷ നൽകാൻ സാധിക്കും. |
| (സി) പുതിയ റേഷൻ കാർഡുകളുടെ വിതരണം പുനരാരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (സി) ഉണ്ട്. റേഷൻ കാർഡുകൾ സംബന്ധിച്ച എല്ലാ അപേക്ഷകളും 25.06.2018 മുതൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസ് / സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിച്ചു തുടങ്ങി. കഴിഞ്ഞ നാലു വർഷമായി റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് അപേക്ഷകൾ ഒന്നും സ്വീകരിക്കാതിരുന്നതിനാൽ ഓരോ താലൂക്കിലും ലഭിക്കുന്ന അപേക്ഷകളുടെ എണ്ണം വളരെ കൂടുതലാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ അക്ഷയ / സിറ്റിസൺ ലോഗിൻ വഴിയും സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഡി) ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള കടയിൽ നിന്നും റേഷൻ വാങ്ങാൻ സാധിക്കുന്ന പോർട്ടബിലിറ്റി സംവിധാനം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഡി) സംസ്ഥാനത്തെ ഏതു റേഷൻ കടയിൽ നിന്നും റേഷൻ വാങ്ങാവുന്ന സംവിധാനം (പോർട്ടബിലിറ്റി) 2018 മേയ് മാസം മുതൽ സംസ്ഥാനത്തുടനീളം നിലവിൽ വന്നിട്ടുണ്ട്. ഈ സംവിധാനം വഴി 2019 മേയ് മാസത്തിൽ 16.3% കാർഡുടമകൾ റേഷൻ വാങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**